**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026** **18-03-2022 - ൽ മറുപടിയ്ക്ക്**

**തകഴി-അമ്പലപ്പുഴ റോഡിലെ പൈപ്പ് പൊട്ടൽ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ കുടിവെള്ള പദ്ധതിയ്ക്കായി തകഴി-അമ്പലപ്പുഴ റോഡിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ തകഴി ഭാഗത്ത് നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുടർച്ചയായി പൈപ്പ് പൊട്ടുന്നതിന്റെ കാരണവും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടിയും വിശദമാക്കാമോ; | (എ) | ഉണ്ട് . ആലപ്പുഴ കുടിവെള്ള പദ്ധതിയ്ക്കായി തകഴി-അമ്പലപ്പുഴ റോഡിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് നിരന്തരമായി കേടുപാടുകൾ സംഭവിക്കുന്നതിനുള്ള കാരണങ്ങൾ നിലവിൽ വിജലൻസിന്റെ അന്വേഷണത്തിലാണ് . ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് ലൈനിൽ തകഴി കേളമംഗലം ഭാഗത്താണ് നിരന്തരം പൊട്ടലുകൾ ഉണ്ടാകുന്നത് . ഈ ഭാഗത്ത് 1524 മീറ്റർ HDPE പൈപ്പ് മാറ്റി MS പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ഒറിജിനൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ആരംഭിച്ച് പുരോഗമിക്കുന്നു. |
| (ബി) | അമ്പലപ്പുഴ-തിരുവല്ല റോഡ് വികസനവുമായി ബന്ധപ്പെട്ട് റോഡിൽ നിന്നും പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | അമ്പലപ്പുഴ- തിരുവല്ല റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ ജംഗ്ഷൻ മുതൽ കളത്തിൽ പാലം വരെയുള്ള കുടിവെള്ള വിതരണ ശൃംഖല റോഡ് നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വാട്ടർ കണക്ഷനുകൾ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പ് മാറ്റിസ്ഥാപിച്ചിട്ടുണ്ട് . തിരുവല്ല ക്രോസ് ജംഗ്ഷൻ മുതൽ പൊടിയാടി വരെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിരുന്നു എങ്കിലും ഓഫറുകൾ ഒന്നും തന്നെ ലഭ്യമായില്ല. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി റോഡിൽ മതിയായ Berm portion ഇല്ലാതിരുന്നതാണ് ഓഫറുകൾ ലഭ്യമാകാതിരിക്കാൻ കാരണം .അതിനാൽ എസ്റ്റിമേറ്റ് രണ്ട് ഭാഗങ്ങളാക്കി (തിരുവല്ല ക്രോസ് ജംഗ്ഷൻ മുതൽ മണിപ്പുഴ പാലം വരെയും മണിപ്പുഴ പാലം മുതൽ പൊടിയാടി വരെയും) ദർഘാസ് ക്ഷണിക്കാൻ തീരുമാനിക്കുകയും അതിൻ പ്രകാരം മണിപ്പുഴ പാലം മുതൽ പൊടിയാടി വരെയുള്ള ഭാഗത്ത് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട് . ക്രോസ് ജംഗ്ഷൻ മുതൽ മണിപ്പുഴ പാലം വരെയുള്ള ഭാഗത്തു പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓഫറുകൾ ലഭ്യമായാൽ കരാർ ഉറപ്പിച്ചു പണി പൂർത്തീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ